പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1071 07.02.2013-ൽ മറുപടിയ്ക്ക്

സീ-പ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ. കെ. കെ. ജയചന്ദ്രൻ

ഉത്തരം

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) വർദ്ധിച്ചുവരുന്ന ഗതാഗതകുരുക്കുകൾ ഒഴിവാക്കി യാത്രാസമയം കുറയ്ക്കുന്നതിനായി സീ-പ്ലെയിൻ സർവ്വീസുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ;

(എ) സംസ്ഥാനത്തെ വിവിധ ടൂറിസം കേന്ദ്രങ്ങളെ വായുമാർഗ്ഗം ബന്ധിപ്പിക്കുക വഴി ഈ കേന്ദ്രങ്ങളിലേക്കുള്ള വിനോദ സഞ്ചാരികളുടെ സന്ദർശനം കൂടുതൽ സുഗമമാക്കുക, വിനോദ സഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക മുതലായ ലക്ഷ്യങ്ങളോടെ സീപ്ലെയിൻ പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രവർത്തന ങ്ങൾ പുരോഗമിച്ച് വരികയാണ്.

(ബി) സീ- പ്ലെയിൻ സർവ്വീസുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളും മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ മുതലായ കേന്ദ്രങ്ങളെയും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ

ഒരുക്കുന്നതും ഇവ ഉപയോഗിച്ചു കൊണ്ട് സർവ്വീസുകൾ ആരംഭിക്കുവാനുള്ള അനുവാദം ആവശ്യമായ അനുമതികൾ ലഭിച്ചിട്ടുള്ള വിവിധ സേവനദാതാക്കൾക്ക് നൽകുന്നതുമാണ്. ഓപ്പൺ സ്കൈ പോളിസിയുടെ അടിസ്ഥാനത്തിൽ **ആയിരിക്കും ഇതിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.**

| | |
|---|---|
| **(സി) സീ-പ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ?** | **(സി) സീപ്ലെയിൻ പദ്ധതി നിർവ്വഹണം ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ടൂറിസം വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ നിയമിച്ചു. പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ സാധ്യതാ പഠനത്തിനും വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി കേന്ദ്ര പൊതുമേഖലാസ്ഥാപനമായ പവൻ ഹൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തി. മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ മുതലായ കേന്ദ്രങ്ങളിൽ സാധ്യതാപഠനം നടത്തുകയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ എമ്പാനൽഡ്** |

ഏജൻസി ആയ കിറ്റ്കോ വഴി നടപ്പിലാക്കി വരുന്നു. ഇതിനായുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. 2013 മാർച്ച് മാസത്തോടെ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**